**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ അസിസ്റ്റൻറ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി ബേബി ശ്രീജിഷയുടെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്**

**സ.ഉ.(സാധാ) നം.2433/2018/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 17/09/2018

---

പരാമർശം:- 1 ജി.ഒ.(ആർ.റ്റി) 2634/2016/തസ്വഭവ തിയതി 07/09/2016.

2 ജി.ഒ.(ആർ.റ്റി) 2828/2017/തസ്വഭവ തിയതി 18/8/2017.

3 പഞ്ചായത്ത് ഡയറക്ടറുടെ 07/08/2018-ലെ PAN/21205/2018-E5(DP) നമ്പർ കത്ത്.

4. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 14/08/2018 ലെ എസ്.ഇ.സി/95/ 2018-എ1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശത്തിലെ ഉത്തരവുകൾ പ്രകാരം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ അന്യത്ര സേവന വ്യവസ്ഥയിൽ അസിസ്റ്റന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ളാർക്കായ ശ്രീമതി ബേബി ശ്രീജിഷയുടെ അന്യത്ര സേവനകാലാവധി 09/09/2018 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി പരാമർശം നാല് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. ശ്രീമതി ബേബി ശ്രീജിഷയുടെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിലെ അന്യത്ര സേവന കാലാവധി നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി 09/09/2018 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിക്കുന്നതിന് വകുപ്പിന് യാതൊരു തടസ്സവുമില്ലെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം രണ്ട് പ്രകാരം അറിയിച്ചിട്ടുമുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ അസിസ്റ്റന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീമതി ബേബി ശ്രീജിഷയുടെ അന്യത്ര സേവന കാലാവധി നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി 09/09/2018 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

ശ്രീമതി ബേബി ശ്രീജിഷ, അസിസ്റ്റന്റ്,സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ,

തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ